സൈക്കിയാട്രിസ്റ്റ്	.. 1
നേത്രരോഗവിദഗ്ദ്ധൻ	.. 1
അനിസ്തറിസ്റ്റ്	.. 1
ഡെൻറൽ	.. 1

(സി) താലൂക്ക് ആശുപത്രിയെന്ന നിലക്കുള്ള എല്ലാ സ്പെഷ്യാലിറ്റികളിലും ഇപ്പോഴത്തന്നെ തലശ്ശേരി ഗവൺമെൻറ് ആശുപത്രിയിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

തലശ്ശേരി ഗവൺമെൻറ് ആശുപത്രിയിലെ എക്സ്റേ പ്ലാൻറ്

354 [386] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ഗവൺമെൻറ് ആശുപത്രിയിൽ എക്സ്റേ പ്ലാൻറ് പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇതിനായി ടെക്നീഷ്യനെ നിയമിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എപ്പോൾ നിയമിക്കാൻ കഴിയും;

(ഡി) ഇതിനുള്ള കാലതാമസത്തിനുകാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. കാരണം അത് റിപ്പയറിലാണ്.

(ബി) ഉണ്ട്.

(സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

കണ്ണൂരിലെ പ്രൈമറി ഹെൽത്ത് സെൻറർ ആശുപത്രിയായി ഉയർത്താൻ നടപടി

355 [387] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിലെ കതിരൂരിലെ പ്രൈമറി ഹെൽത്ത്സെൻറർ 50 കിടക്കകളുള്ള ആശുപത്രിയാക്കി ഉയർത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന് കെട്ടിടം നിർമ്മിക്കാൻ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്;

(സി) ഇതിൻെറ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയും?

ഉത്തരം

(എ,ബി) ഇതിനെ ഒരാശുപത്രിയാക്കി ഉയർത്താൻ ഉദ്ദേശമില്ല. എന്നാൽ ഈ സാമ്പത്തിക വർഷത്തിലെ ''വർക്സ് ബഡ്ജറ്റ്'' അനുസരിച്ച് ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 50 കിടക്കകളുള്ള ഒരു വാർഡും, ഓപ്പറേഷൻ തീയേറ്റർ, പ്രസവമുറി മുതലായവയും പണിയുന്നതിനുവേണ്ടി 100 രൂപ ടോക്കൻ പ്രൊവിഷൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിൽനിന്നും എസ്റ്റിമേറ്റ് കിട്ടിയാൽ കെട്ടിടനിർമ്മാണത്തിന് സാമ്പത്തിക ലഭ്യതയ്ക്കു വിധേയമായി ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly